**CTETVM/1212/2024-C3**

സാങ്കേതിക പരീക്ഷാ കൺട്രോളറുടെ കാര്യാലയം,
കൈമനം, തിരുവനന്തപുരം
23-07-2024

## പരീക്ഷാ വിജ്ഞാപനം നമ്പർ. 30/2024

## കെ.ജി.റ്റി.ഇ - ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെൻറ് ടെക്നോളജി ഏപ്രിൽ - 2024

സാങ്കേതിക പരീക്ഷാ കൺട്രോളർ നടത്തുന്ന താഴെ പറയുന്ന ഫാഷൻ ഡിസൈനിംഗ് ആൻറ് ഗാർമെൻറ് ടെക്നോളജി ഏപ്രിൽ 2024 പരീക്ഷകൾ ഈ വിജ്ഞാപന പ്രകാരം നിർദ്ദിഷ്ട കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്.

1. എഫ്.ഡി.ജി.റ്റി (ഒന്നാം വർഷം) - റഗുലർ ആൻറ് സപ്ലിമെൻററി
2. എഫ്.ഡി.ജി.റ്റി (രണ്ടാം വർഷം) - റഗുലർ ആൻറ് സപ്ലിമെൻററി

സർക്കാർ ഉടമസ്ഥതയിലുള്ള ജി.ഐ.എഫ്.ഡി സെൻററുകൾ, സർക്കാർ അംഗീകൃത സ്വകാര്യ ടെക്നിക്കൽ സ്ഥാപനങ്ങൾ എന്നിവയിൽ ഏതിലെങ്കിലും റഗുലറായി പഠനം നടത്തുകയും പെർമനൻറ് രജിസ്റ്റർ നമ്പർ ലഭിക്കുകയും ചെയ്യുന്നവർക്ക് റഗുലർ പരീക്ഷകൾക്കും, മുൻപ് നടത്തിയ പരീക്ഷകളിൽ പരാജയപ്പെട്ടവർക്ക് സപ്ലിമെൻററി പരീക്ഷയും എഴുതാവുന്നതാണ്.

### 2. പരീക്ഷാഫീസും മറ്റു വിവരങ്ങളും

| | |
|---|---|
| ഒന്നാം വർഷം (റഗുലർ) | 500/- രൂപ |
| ഒന്നാം വർഷം (സപ്ലിമെൻററി) | 170/- രൂപ (ഒരു വിഷയത്തിന്) |
| രണ്ടാം വർഷം ( റഗുലർ) | 500/- രൂപ |
| രണ്ടാം വർഷം (സപ്ലിമെൻററി) | 170/- രൂപ (ഒരു വിഷയത്തിന്) |

പരീക്ഷാഫീസ് സ്ഥാപനമേധാവികൾ ശേഖരിച്ച് **"0202-02-101-98 – പരീക്ഷാ ഫീസ് "** എന്ന കണക്ക് ശീർഷകത്തിൽ ഒടുക്കി ഒറിജിനൽ ചെലാൻ ഓൺലൈൻ രജിസ്ട്രേഷൻ റിപ്പോർട്ട് സഹിതം അയയ്ക്കേണ്ടതാണ്. എഫ്.ഡി.ജി.റ്റി ഒന്നാം വർഷത്തിനും, രണ്ടാം വർഷത്തിനും പ്രത്യേക ചെലാൻ ഉപയോഗിക്കേണ്ടതാണ്. പിഴയില്ലാതെ ഫീസ് അടയ്ക്കേണ്ട അവസാന തീയതി **01.08.2024**.

ഒരു ദിവസം **30/- രൂപ** ക്രമത്തിൽ പിഴയോടുകൂടി ഫീസ് അടയ്ക്കേണ്ട അവസാന തീയതി **06.08.2024.** **തെറ്റായ കണക്ക് ശീർഷകത്തിൽ ഒടുക്കുന്ന ചെല്ലാനുകൾ യാതൊരു കാരണ വശാലും സ്വീകരിക്കുന്നതല്ല .ഇത്തരം അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ് .സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ തികഞ്ഞ ജാഗ്രത പുലർത്തേണ്ടതാണ് .**

830/- രൂപ സൂപ്പർ ഫൈനോടുകൂടി ഫീസ് അടയ്ക്കേണ്ട അവസാന തീയതി **09.08.2024.**

പരീക്ഷ രജിസ്ട്രേഷൻ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും മറ്റ് രേഖകളും പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി **16.08.2024**. ഇതിന് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

സ്വകാര്യ സ്ഥാപനത്തിലെ മേധാവികൾ സ്ഥാപനത്തിൻറെ അംഗീകാരം ഈ വർഷം പുതുക്കിയ ഉത്തരവിൻറെ

പകർപ്പ് അപേക്ഷയോടൊപ്പം അടക്കം ചെയ്തിരിക്കണം.

3. <u>അപേക്ഷ അയയ്ക്കേണ്ട വിധം</u>

വിദ്യാർത്ഥികളിൽ നിന്നും ലഭിച്ച അപേക്ഷയിലെ വിവരങ്ങൾ സ്ഥാപന മേധാവി തങ്ങളുടെ സ്ഥാപനത്തിന് നൽകിയിരിക്കുന്ന Institution login വഴി സാങ്കേതിക പരീക്ഷാ കൺട്രോളറുടെ വെബ്സൈറ്റിൽ നൽ കേണ്ടതാണ്. **12.08.2024** വരെ രജിസ്ട്രേഷൻ നടത്താവുന്നതാണ്. അപ്രകാരം നൽകിയ വിവരങ്ങളുടെ പകർപ്പ് ( രജിസ്ട്രേഷൻ ലിസ്റ്റ്) വെബസൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. ഈ പകർപ്പും ഫീസ് അടച്ചതിന്റെ ഒറിജിനൽ ചെലാനുകളും ഫീസ് ഇളവുള്ള വിദ്യാർത്ഥികളുടെ ചാൻസ് സർട്ടിഫിക്കറ്റും സഹിതം പരീക്ഷാകൺട്രോളറുടെ ഓഫീസിലേയ്ക്ക് അയച്ച് തരേണ്ടതാണ്. അപേക്ഷാ ഫോറങ്ങൾ സ്ഥാപനങ്ങളിൽ തന്നെ ഒരു വർഷത്തേയ്ക്ക് സൂക്ഷിക്കേണ്ടതാണ്.

4. <u>ഇന്റെണൽ മാർക്ക്</u>

എഫ്.ഡി.ജി.റ്റി വിദ്യാർത്ഥികളുടെ ഇന്റെണൽ മാർക്ക് അതത് സ്ഥാപനങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന രജിസ്റ്ററിൻ പ്രകാരം **01.08.2024** മുതൽ **12.08.2024** വരെ വെബ്സൈറ്റിൽ നൽകി, ആയതിൻറെ പകർപ്പ് സ്ഥാപന മേധാവിയുടെ കൈയൊപ്പ് സഹിതം **16.08.2024** ന് മുൻപായി പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ ലഭിക്കേണ്ടതാണ്. ഇൻറേണൽ മാർക്ക് ലഭിക്കാത്ത വിദ്യാർത്ഥികളെ പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല.

6. <u>പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിലേയ്ക്കുള്ള ആനുകൂല്യം</u>

പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർ ആദ്യം പരീക്ഷ എഴുതുന്ന വർഷം മുതൽ നാല്വ വർഷത്തിനുള്ളിൽ മൂന്ന് പരീക്ഷകൾക്ക് ഫീസ് സൗജന്യം ഉണ്ടായിരിക്കും. ഇതിലേയ്ക്കായി എസ്.എസ്.എൽ.സി യോ കൂടുതലോ പഠിച്ചവർ എസ്.എസ്.എൽ.സി ബുക്കിൻറെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ജാതി തെളിയിക്കുന്നതിനായി ഹാജരാക്കിയാൽ മതിയാകും . മറ്റുള്ളവർ ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥനിൽ നിന്ന് ലഭിച്ച ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. അത് സ്ഥാപനത്തിൽ സൂക്ഷിച്ചിരിക്കേണ്ടതാണ്.

<u>ചാൻസ് സർട്ടിഫിക്കറ്റ് ( സ്ഥാപനമേധാവി സമർപ്പിക്കേണ്ടതാണ്)</u>

പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗത്തിലുള്ള ഫീസ് സൗജന്യത്തിന് അർഹയായ ശ്രീ./ ശ്രീമതി .................................................. ഏപ്രിൽ മാസത്തിലെ ............................................ എഫ്.ഡി.ജി.റ്റി ഒന്നാം വർഷ / രണ്ടാം വർഷ പരീക്ഷയ്ക്ക് അപേക്ഷിക്കുന്നത് .......................മത്തെ പ്രാവശ്യമാണ്.. (ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സ്ഥാപനത്തിൽ സൂക്ഷിച്ചിരിക്കണം.

സ്ഥലം. ഒപ്പ്
തീയതി . പേര്

(7) <u>പരീക്ഷയെ സംബന്ധിക്കുന്ന പൊതു നിർദ്ദേശങ്ങൾ</u>

1. അഡ്മിഷൻ ടിക്കറ്റുകൾ പരീക്ഷ തുടങ്ങുന്നതിന് മൂന്നു ദിവസം മുൻപ് അതാത് പരീക്ഷാ കേന്ദ്രങ്ങളിൽ നേരിട്ട് ഹാജരായി കൈപ്പറ്റേണ്ടതാണ്. അഡ്മിഷൻ ടിക്കറ്റിൽ പരീക്ഷാർത്ഥിയുടെ ഫോട്ടോ പതിച്ച് ഏതെങ്കിലും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തി പരീക്ഷയ്ക്ക് ഹാജരാക്കേണ്ടതാണ്.

2. അഡ്മിഷൻ ടിക്കറ്റ് ഒറിജിനൽ നഷ്ടപ്പെട്ടാൽ പരീക്ഷാഫീസ് അടയ്ക്കുന്ന അതേ ഹെഡ്ഡിൽ **60/-** രൂപ അടച്ച് പരീക്ഷയെ സംബന്ധിക്കുന്ന വിശദ വിവരങ്ങൾക്കൊപ്പം സാങ്കേതിക പരീക്ഷാ ജോയിൻറ് കൺട്രോളർക്ക് അപേക്ഷിച്ചാൽ പരീക്ഷാ കേന്ദ്രത്തിൽ നിന്ന് ഡ്യൂപ്ലിക്കേറ്റ് അഡ്മിഷൻ ടിക്കറ്റുകൾ ലഭിക്കുന്നതാണ്.

3. പരീക്ഷാ ഹാളിൽ അപമര്യാദയായി പെരുമാറുകയും പരീക്ഷാ നിയമങ്ങളും നിർദ്ദേശങ്ങളും ലംഘിക്കുകയും ചെയ്യുന്നവരെ അപ്പോൾ തന്നെ പരീക്ഷാ ഹാളിൽ നിന്നും പുറത്താക്കുന്നതും ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതുമാണ്. അതിലേയ്ക്കായി അവരെ സംബന്ധിക്കുന്ന വിവരങ്ങൾ ചീഫ് സൂപ്രണ്ടുമാർ സാങ്കേതിക പരീക്ഷാ ജോയിൻറ് കൺട്രോളറെ അറിയിക്കേണ്ടതാണ്.

4. പരീക്ഷയെ സംബന്ധിച്ച് നിലവിലുള്ള എല്ലാ നിയമങ്ങളും നിർദ്ദേശങ്ങളും ഈ വിജ്ഞാപനത്തിന് ശേഷം പുറപ്പെടുവിക്കുന്ന ഉത്തരവുകളും നിർദ്ദേശങ്ങളും അനുസരിക്കാൻ ബാദ്ധ്യസ്ഥരാണെന്ന ഉറപ്പ് സാങ്കേതിക പരീക്ഷാ ജോയിൻറ് കൺട്രോളർക്ക് നൽകിയിട്ടുള്ളതായി കണക്കാക്കുന്നതാണ്.

(8) <u>പരീക്ഷാഫലവും , മാർക്ക് ലിസ്റ്റും</u>

പരീക്ഷാ ഫലം ജോയിൻറ് കൺട്രോളറുടെ ഓഫീസിലും www.tekerala.org എന്ന വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നതാണ്. പരീക്ഷാ ഫലത്തിൻറെ പകർപ്പ് നേരിട്ട് ആവശ്യമുള്ളവർ **"0202-02-800-94 – Other Receipts "** എന്ന അക്കൗണ്ട് ഹെഡ്ഡിൽ 60/- രൂപ അടച്ച് സാങ്കേതിക പരീക്ഷ ജോയിൻറ് കൺട്രോളർക്ക് അപേക്ഷ നൽകേണ്ടതാണ്.

പരീക്ഷാ വിവരങ്ങൾ സംബന്ധിച്ച ആവശ്യമായ രേഖകളോട്ടു കൂടി താഴെ പറയുന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

ജോയിൻറ് കൺട്രോളർ
സാങ്കേതിക പരീക്ഷാ കൺട്രോളറുടെ കാര്യാലയം
കൈമനം, തിരുവനന്തപുരം -40

<u>കവറിനുപുറത്ത് എഫ്.ഡി.ജി.റ്റി ഏപ്രിൽ 2024 ഒന്നാം വർഷം / രണ്ടാം വർഷം എന്ന് രേഖപ്പെടുത്തണം</u>

ഈ വിജ്ഞാപനത്തിന് അനുസൃതമല്ലാത്തതും ഈ പരീക്ഷയെ സംബന്ധിക്കുന്ന ഇപ്പോൾ നിലവിലുള്ള ഉത്തരവുകളും നിർദ്ദേശങ്ങളും പാലിക്കാത്തതും ന്യൂനതകൾ ഉള്ളതും വൈകി കിട്ടുന്നതുമായ അപേക്ഷകൾ മുന്നറിയിപ്പ് കൂടാതെ നിരസിക്കുന്നതായിരിക്കും.

9. <u>ഒറിജിനൽ സർട്ടിഫിക്കറ്റ് / ഗ്രേഡ് കാർഡ് എന്നിവയ്ക്കുള്ള ഫീസ്</u>

ഫലപ്രഖ്യാപത്തിന് ശേഷം സർട്ടിഫിക്കറ്റ് / ഗ്രേഡ് കാർഡ് എന്നിവ ലഭിക്കുന്നതിനായി അർഹരായ വിദ്യാർത്ഥികൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള ഫീസ് **"0202-02-800-94 – Other Receipts "** എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി അസ്സൽ ചെലാൻ സഹിതം അപേക്ഷ സമർപ്പിക്കാവുന്നതാണ്.

DEPUTY CONTROLLER OF TECHNICAL EXAMINATIONS

Signed by
Mohammed Azeer A K
Date: 23-07-2024 12:45:40